# ജനുവരിയിലെ ചിന്ത

ഹോസ്റ്റലിലെ ടോയ്‌ലറ്റിനടുത്ത് ചുമരിൽ വലിയ കണ്ണാടി സ്ഥാപിച്ചിരുന്നു. അതിൽ നോക്കിയാണ് കുട്ടികൾ മുടി ചീകിയിരുന്നത്. പല്ല് തേക്കുമ്പോഴും ചിലർ അതിലേക്ക് നോക്കു മായിരുന്നു. മുതിർന്നവർക്ക് ഷേവ് ചെയ്യാനും അതായിരുന്നു ആശ്രയം.

ഒരിക്കൽ കണ്ണാടിക്ക് മുകളിൽ ആരോ ഒരു ക്ലോക്ക് സ്ഥാപിച്ചു. പലരും പല അഭിപ്രായവും അതെപറ്റി പറഞ്ഞു. പിറ്റെ ദിവസം ഒരു ബോർഡ് അവിടെ പ്രത്യക്ഷപ്പെട്ടു. 'നോക്കൂ, നിന്റെ സമയത്തെ അളന്നു കണക്കാക്കുകയും മുറിക്കുകയും ചെയ്യുകയാണ് ഞാൻ. നിനക്ക് അതെപ്പറ്റി വിചാരമുണ്ടോ?''

ഇത് കണ്ട് ഒരു കൂട്ടുകാരൻ എന്നോട് പറഞ്ഞു: അത് വായിച്ചതിനുശേഷം എനിക്ക് എന്തോ ഭയം തോന്നുന്നു. തമാശക്ക് വേണ്ടി ചെയ്തിരുന്ന തെറ്റുകളോടു പോലും പേടി.''

പുതുവർഷപ്പിറവി കേമമായാണ് ആഘോഷിച്ചത്. പരമാവധി ആസ്വദിച്ചു കൊണ്ടുള്ള ഈ ആഘോഷത്തിനിടയിൽ നാം കാണാതെ പോയ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് നിരൂപണമാണ്. മറ്റൊന്ന് പ്രതിജ്ഞയും. അവ രണ്ടിനും നമ്മുടെ ജീവിതത്തിൽ വലിയ സ്ഥാനമുണ്ട്. മുന്നോട്ട് പോകുമ്പോൾ അതെന്തെന്ന് മനസ്സിലാകും.

സ്വന്തം ജീവിതത്തെ നിരൂപണം ചെയ്യാൻ അധികമാരും മുതിരാറില്ല. കൊഴിഞ്ഞു തീരുന്ന ജീവിതനിമിഷങ്ങൾ ധന്യമായാണോ വിനിയോഗിക്കപ്പെട്ടതെന്ന് അധികമാരും ആലോചിക്കാറില്ല. ഇതാണ് ജീവിതത്തിലെ ഏറ്റവും വലിയ നിരൂപണവും തിരിച്ചറിവും.

കഴിഞ്ഞ ഒരു വർഷക്കാലം എങ്ങനെ ചെലവഴിച്ചു, നല്ല കാര്യങ്ങൾ എത്ര ചെയ്തു, എന്തെല്ലാം വീഴ്ചകൾ സംഭവിച്ചു ഞാൻ എനിക്കു വേണ്ടി എത്രമാത്രം ജീവിച്ചു, എന്റെ പ്രവൃത്തികൾ മുഖേന മറ്റുള്ളവർ എത്രമാത്രം പ്രയാസപ്പെട്ടു, താൻ ഇതുവരെ ശരീരം, സമയം, വിഭവങ്ങൾ എന്നിവ കൊണ്ട് എങ്ങനെ ജീവിച്ചു എന്നൊന്നും കൂടുതലാരും വിലയിരുത്താറില്ല. എന്നാൽ അത് ജീവിതയുക്തിയുടെയും കാഴ്ചപ്പാടിന്റെയും ഭാഗമാ ണെന്ന് നാം മനസ്സിലാക്കണം.

അവസാന യാത്രയിൽ മാത്രമാണ് പലരും ആത്മീയവും മതപരവുമായ ചടങ്ങുകളാൽ പരിഗ്രഹിക്കപ്പെടുക. ഏത് വിശ്വാസക്കാരനായാലും എന്തുകൊണ്ട് ഈ അവസാന യാത്ര ഇങ്ങനെ മതചടങ്ങുകളെ പരിഗ്രഹിച്ചുകൊണ്ടാകണം? വരാനിരിക്കുന്ന ജീവിതം മോക്ഷദായകമാകണം എന്നതാണ് അതിന്റെ ലക്ഷ്യം. പക്ഷേ, ജീവിതത്തിലൊരിക്കലും വീണ്ടുവിചാരമോ തിരുത്തലുകളോ ഇല്ലാതിരുന്നാൽ എങ്ങനെയാണ് മരണശേഷം മുക്തിയടയാനാകുക?

അവസാനസൂര്യാസ്തമയത്തെ സാകൂതം കൺപാർക്കുമ്പോഴും പുതുപുലരി ദർശിക്കുമ്പോഴും പഴയ കലണ്ടറിനെ ഇളക്കിയെടുക്കുമ്പോഴുമൊക്കെ ഈ വിചാരം അൽപം ഭയത്തോടെ നമ്മുടെ മനസ്സിൽ തോന്നേണ്ടിയിരുന്നു. കഴിഞ്ഞ ജീവിതം പരാജയമായിരുന്നോ, അതിന് കാരണമെന്തായിരുന്നു, ആരാണ് ഉത്തരവാദി, എവിടെയാണ് പിഴച്ചത് എന്നിവ നമ്മുടെ സജീവ ചിന്തയിൽ വരേണ്ടവയാണ്. ഇതാണ് നിരൂപണം കൊണ്ടുദ്ദേശിച്ചത്. ഈ കണക്കു കൂട്ടൽ സാമ്പത്തിക രംഗത്ത് മാത്രം പോരാ.

സംഭവിച്ചതെല്ലാം സംഭവിച്ചു. അടുത്ത വർഷമെങ്കിലും അബദ്ധങ്ങളും തെറ്റുകളുമില്ലാതെ ഞാൻ നന്നായി ജീവിക്കുകയും പുരോഗതിക്കായി പരിശ്രമിക്കുകയും ചെയ്യും എന്നായിരിക്കണം പ്രതിജ്ഞ. അതിന് പ്രതിബന്ധമാകുന്നതെല്ലാം നാം കണ്ടറിയുകയും ത്യജിക്കുകയും വേണം. ജീവിതകാലം മുഴുവൻ നല്ലവനായി ജീവിക്കും എന്നതിനാകണം ശ്രമം.

നല്ല നാളെക്കുവേണ്ടിയുള്ള സ്വപ്നമുണ്ടെങ്കിൽ മാത്രമേ നല്ലതു ചെയ്യുവാനും ആസൂത്രണത്തോടെ കാര്യങ്ങൾ നീക്കുവാനും സാധിക്കുകയുള്ളൂ. അത്തരം പ്രതീക്ഷയും ആസൂത്രണവുമില്ലാതാകുമ്പോഴാണ് എല്ലാം ഒന്നുമല്ലാത്ത ആഘോഷങ്ങളിൽ ആടിത്തിമർത്ത് തീർക്കുക. അത് ആത്മഹത്യാപരമാണ്. നല്ല നാളെയെന്ന മോഹം വ്യക്തികളെയും സമൂഹത്തെയും ഒരുമിച്ച് മുന്നോട്ട് നയിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമം വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും ആദ്യം തുടങ്ങണം. നാം അധ്വാനിക്കുന്നത് പരമാവധി അനുഭവിക്കാനും സുഖമായി ജീവിക്കാനും നമുക്ക് സാധിക്കണം.

ഈ വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രതിജ്ഞ ചെയ്യുകയും അതിനുള്ള ശ്രമത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുക. എങ്കിൽ ജീവിതം തന്നെ നമുക്ക് ആഘോഷമാക്കാം.

സമയം, ആരോഗ്യം, സമ്പത്ത് എന്നിവ ഉത്തരവാദിത്തപൂർണമായ സംഗതികളാകുന്നു. അവ ദൈവത്തിന്റെ ദാനവുമാകുന്നു. ഏതു കാര്യത്തിനാണോ ദൈവം അത് തന്നത് അതിനു വേണ്ടിതന്നെ അത് വിനിനിയോഗിക്കണം.

ജോലിക്കു വേണ്ടി മാത്രമാകരുത് ജീവിതം. ദൈവത്തിന്റെ കാര്യഗൗരവത്തോടെയുള്ള പദ്ധതിയാണ് മനുഷ്യജന്മം. ജോലിയിലും കളിവിനോദത്തിലും അതിനെ തീർക്കുന്നത് ദൈവത്തോട് ചെയ്യുന്ന അനീതിയാണ്. വീണ്ടുവിചാരമില്ലാത്തവർക്ക് ഒടുവിൽ നേടാൻ ഒന്നും നേടാനാകില്ല.